# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.08.2026**

### പ്രധാനവാർത്തകൾ

1. നേപ്പാളിലെ മിന്നൽ പ്രളയ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 270 ആയി. തമിഴ്നാട്ടിൽ നിന്നുള്ള 21 പേരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം.

2. നേപ്പാളിൽ കുടുങ്ങിയ മലയാളികൾ സുരക്ഷിതരാണെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും നോർക്ക സി.ഇ.ഒ രാജേഷ് മാധവൻ.

3. മികച്ച ജനപങ്കാളിത്തത്തോടെ സംസ്ഥാനത്ത് ഓണം വാരാഘോഷ പരിപാടികൾ പുരോഗമിക്കുന്നു. ഞായറാഴ്ച നടക്കുന്ന സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മുഖ്യാതിഥിയാകും.

4. സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണ ഗുരുവിന്റെ 172-ാമത് ജയന്തി നാളെ. ശിവഗിരിയിൽ ജയന്തി സമ്മേളനം സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

BNU TVPM

5. സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യത. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദേശം.

6. ശ്രീലങ്കയ്ക്കെതിരായ പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.

&&&&&&&&&&&&&&&&&

**നേപ്പാൾ- രൺധീർ ജയ്സ്വാൾ**

നേപ്പാളിലെ മിന്നൽ പ്രളയ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 270 ആയി. കുടുങ്ങിപ്പോയവരെ രക്ഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഇന്ത്യ ശക്തമാക്കി. ദുരന്ത സമയത്ത് നേപ്പാളിലുണ്ടായിരുന്ന 288 ഇന്ത്യക്കാരുമായി ഇതുവരെ ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ലെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കൈലാസ മാനസ സരോവർ യാത്രയ്ക്കായി എത്തിയ 21 തമിഴ്നാട് സ്വദേശികളെ നേപ്പാളിൽ നിന്ന് രക്ഷപ്പെടുത്തിയതായും അദ്ദേഹം അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&

**നോർക്ക**

കുട്ടികളും മുതിർന്നവരും ഉൾപ്പെടെ 53 മലയാളികൾ നേപ്പാളിൽ കുടുങ്ങിയതായി നോർക്ക സിഇഒ രാജേഷ് മാധവൻ. ഇവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എല്ലാ മലയാളികളും നിലവിൽ സുരക്ഷിതരാണെന്ന് എംബസ്സിയിൽ നിന്നുൾപ്പെടെ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത്

വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വിവരങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ 94 47 11 18 44, 97 47 13 21 47 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. നോർക്കാ റൂട്സിന്റെ ടോൾ ഫ്രീ നമ്പർ - 1800 425 3939 ലും വിളിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി ഖേലോ ഇന്ത്യ**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് ഉതകുന്ന രീതിയിൽ, രാജ്യത്ത് ആധുനിക കായിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി 'ഖേലോ ഇന്ത്യ ഡയലോഗി'നെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കായിക പ്രതിഭകൾക്ക് എല്ലാ ഘട്ടത്തിലും പിന്തുണ ലഭിക്കുന്ന സംവിധാനം രാജ്യത്തുടനീളം വികസിപ്പിച്ചുവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി. അഞ്ചു മുതൽ 15 വയസ് വരെ പ്രായമുള്ള കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായി വിപുലമായ പദ്ധതി നടപ്പിലാക്കുമെന്നും പ്രധാനമന്ത്രി ആവർത്തിച്ചു.

RNU TVPM

&&&&&&&&&&&&&&&&&

**ഓണം വാരാഘോഷം - ഇൻട്രോ**

തിരുവോണം കഴിഞ്ഞെങ്കിലും വിനോദ സഞ്ചാര വകുപ്പിൻറെ ഓണം വാരാഘോഷ പരിപാടികൾ കൂടുതൽ ആവേശത്തോടേയും പകിട്ടോടേയും മുന്നേറുകയാണ്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....**

(വോയിസ്)

ഓണം വാരാഘോഷത്തിൻറെ ഈ മാസം 30 ന് തിരുവനന്തപുരത്ത് നടക്കുന്ന സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മുഖ്യാതിഥിയാകും.

**&&&&&&&&&&&&&&&&&**

**പുലിക്കളി**

പുലിക്കളി സംഘങ്ങൾക്കുള്ള തൃശ്ശൂർ കോർപ്പറേഷൻ്റെ ധനസഹായം 3,50,000 രൂപയായി വർദ്ധിപ്പിച്ചതായി മേയർ നിജി ജസ്റ്റിൻ. ഇത്തവണ 9 പുലിക്കളി സംഘങ്ങളാണ് മത്സര രംഗത്തുള്ളത്. പുലിക്കളിയുടെ ഭാഗമായിട്ടുള്ള പുലിച്ചമയ പ്രദർശനം ഇന്ന് രാത്രി 8 മണി വരെ പുലിമടകളിൽ നടക്കും.

RNU TVPM

**&&&&&&&&&&&&&&&&&**

**ശ്രീനാരായണ ഗുരു**

സാമൂഹിക പരിഷ്കർത്താവ് ശ്രീനാരായണ ഗുരുവിൻ്റെ 172-ാമത് ജയന്തി നാളെ ചതയദിനത്തിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കും. ശിവഗിരിയിൽ നടക്കുന്ന ജയന്തി സമ്മേളനം നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ശ്രീകാര്യം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ പുഷ്പാർച്ചനയും സാംസ്കാരിക സമ്മേളനവും നടക്കും. മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&&&**

**അയ്യൻകാളി ജയന്തി**

കേരളത്തിൻറെ നവോത്ഥാന നായകൻ മഹാത്മാ അയ്യൻകാളിയുടെ ജന്മവാർഷിക ദിനം നാളെ. ജയന്തി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചന, ജന്മദിന സന്ദേശ സമ്മേളനങ്ങൾ തുടങ്ങിയവ ഉണ്ടാകും.

&&&&&&&&&&&&&&&&&&

കാലാവസ്ഥ-കേരളം

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം കടൽ തീരങ്ങളിലും കന്യാകുമാരി തീരത്തും നാളെ വൈകുന്നേരം 05.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

മന്ത്രി സി പി ജോൺ - മലപ്പുറം

മലപ്പുറത്ത് ഓട്ടോറിക്ഷയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിൽ ഡ്രൈവറായ ഷൗക്കത്ത് ജീവനൊടുക്കിയ സംഭവം അങ്ങേയറ്റം ദൗർഭാഗ്യകരമാണെന്ന് മന്ത്രി സി പി ജോൺ. സമഗ്ര അന്വേഷണം നടത്താൻ ഗതാഗത വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടു ദിവസത്തിനകം പ്രാഥമിക റിപ്പോർട്ട് നൽകാൻ നിർദേശം നൽകിയിട്ടുണ്ടെന്നും ഗതാഗത മന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&**

ആറന്മുള ഉതൃട്ടാതി വള്ളംകളി (ഇൻട്രോ)

ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി ജലോത്സവത്തിനുള്ള ഒരുക്കങ്ങൾ ആറന്മുളയിൽ പുരോഗമിക്കുന്നു. ഞായറാഴ്ച നടക്കുന്ന വള്ളം കളി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.........**

(വോയിസ്)

**&&&&&&&&&&&&&&&&&**

RNUTVPM

ശബരിമല

ഓണം പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട നാളെ രാത്രി 10 മണിക്ക് അടയ്ക്കും. കന്നിമാസ പൂജയ്ക്കായി അടുത്ത മാസം 16 ന് വൈകിട്ട് അഞ്ചിനു നട തുറക്കും.

**&&&&&&&&&&&&&&&&&**

അറവ് മാലിന്യ സംസ്കരണ ഫാക്ടറി-(**INTRO**)

കോഴിക്കോട് താമരശേരി അമ്പായത്തോട് അറവ് മാലിന്യ സംസ്കരണ ഫാക്ടറി അടുത്ത മാർച്ചിനകം ജനവാസകേന്ദ്രത്തിൽ നിന്ന് മാറ്റാൻ തീരുമാനമായി.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

&&&&&&&&&&&&&&&&&

ഇന്ത്യ - ശ്രീലങ്ക - ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യ - ശ്രീലങ്ക പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. പരമ്പരയിലെ രണ്ടാം മത്സരം സമനിലയിൽ അവസാനിച്ചു . ആദ്യ ജയം ഇന്ത്യക്കായിരുന്നു. ആദ്യ ഇന്നിംഗ്സിൽ ശ്രീലങ്കയെ 290 റൺസിന് പുറത്താക്കിയ ഇന്ത്യ ഫോളോ-ഓൺ പ്രഖ്യാപിക്കുകയായിരുന്നു. എന്നാൽ രണ്ടാം ഇന്നിംഗ്സിൽ സോനാൽ ദിനുഷയുടെ മികച്ച പ്രകടനത്തിൽ ശ്രദ്ധേയമായ പ്രതിരോധം കാഴ്ചവച്ച ശ്രീലങ്ക, 216 റൺസിൻ്റെ ലീഡ് നേടി 429 എന്ന സ്കോറിലെത്തിയതോടെ മത്സരം അവസാനിപ്പിക്കാൻ ഇരു ക്യാപ്റ്റന്മാരും സമ്മതിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&

RNU TVPM